**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1499** **08-12-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികളിലെ ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി കെ.കെ.രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ കുട്ടികളിൽ ലഹരി മരുന്ന് ഉപയോഗം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്കൂൾ തലത്തിൽ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ലഹരി വിരുദ്ധ ക്യാമ്പസ് എന്ന പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി വിവിധ പരിപാടികൾ സ്കൂളുകളിൽ നടപ്പിലാക്കുന്നുണ്ട്. സ്കൂൾ പി.ടി.എ<br><br>പ്രസിഡന്റ് അദ്ധ്യക്ഷനായും, പ്രധാനാദ്ധ്യാപകൻ കൺവീനറായും ജന ജാഗ്രതാ സമിതികൾ രൂപികരിച്ചിട്ടുണ്ട്.. പിറ്റി.എ., മദർ പി.റ്റി.എ, ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ, വിരമിച്ച അദ്ധ്യാപകർ, സ്കൂളിലെ അദ്ധ്യാപകർ, വിവിധ ജാതിമത രാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികൾ, വ്യാപാര വ്യവസായി പ്രതിനിധികൾ, ഓട്ടോറിക്ഷ, ടാക്സി പ്രതിനിധികൾ, മറ്റ് അഭ്യുദയകാംഷികൾരൂപം നൽകുന്ന ജനജാഗ്രത സമിതികൾ, തുടങ്ങിയവർ സ്കൂൾ തല പ്രവർത്തനങ്ങൾനടപ്പിലാക്കി വരുന്നു. എല്ലാ അദ്ധ്യാപകർക്കും ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഒക്ടോബർ മാസങ്ങളിൽ ബോധവൽക്കരണത്തിന്റെഭാഗമായി അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും കുട്ടികൾക്കുംബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചിട്ടുണ്ട്. ജനജാഗ്രതാ സമിതിയുടെ നിരീക്ഷണത്തിൽ ലഹരി പദാർത്ഥങ്ങൾ ക്ലാസ്സിനുള്ളിൽ എത്തുന്നില്ല എന്ന്ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ആഫീസുകളിലും സ്കൂളുകളിലും നടപ്പിലാക്കുന്ന ലഹരി വിരുദ്ധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ സംബന്ധിച്ച് എല്ലാ സ്കൂളുകൾക്കും സർക്കുലർ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | എല്ലാ സ്കൂളുകളിലെയും 100 വാര ചുറ്റളവിൽ ലഹരി ഉത്പന്നങ്ങൾ വിൽക്കുന്നില്ല എന്നും, കൈമാറ്റം ചെയ്യുന്നില്ല എന്നും ജനജാഗ്രതാ സമിതി ഉറപ്പാക്കുകയും ലഹരി മുക്ത പ്രദേശമാക്കി yellow line ക്യാമ്പയിൻ ശക്തിപ്പെടുത്താൻഎല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്കൂൾ പരിസരത്തുള്ള ലഹരി |

| | | | |
|---|---|---|---|
| | | | വസ്തുക്കളെ സംബന്ധിച്ചുള്ള പരാതികളും, കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും രഹസ്യമായി എക്സൈസ് വകുപ്പിനെ അറിയിക്കാൻ എല്ലാ സ്കൂൾ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂളിനുള്ളിലും പരിസരത്തും ലഹരി വസ്തുക്കൾ കൈമാറ്റം ചെയ്യപ്പെടാൻ സാധ്യതയുള്ള ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി അവ ഒഴിവാക്കുന്നതിനുള്ള നടപടികൾകൈക്കൊള്ളാൻ എല്ലാ സ്കൂൾ അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സ്കൂളുകളിൽ കുട്ടികൾ കൃത്യമായി ഹാജരാകുന്നില്ലെങ്കിൽ ആ വിവരം രക്ഷിതാക്കളെ അറിയിക്കുന്ന പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | നിലവിൽ ഹാജരില്ലാത്ത കുട്ടികളെ ക്ലാസ്സ് ടീച്ചേഴ്സ് ,രക്ഷിതാക്കളെ ഫോണിൽ ബന്ധപ്പെട്ട് വിവരം അറിയിക്കുകയാണ് ചെയ്യുന്നത്. സംസ്ഥാനത്ത് ചില സ്കൂളുകളിൽ അറ്റൻഡൻസ് അറിയിക്കുന്നതിന് സ്വകാര്യ ആപ്പുകൾ ഉപയോഗപ്പെടുത്തുന്നുണ്ട്.എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ആയത് നടപ്പിലാക്കുന്നതിനുള്ള നിർദേശങ്ങൾ നൽകിയിട്ടില്ല. ആയതിനാൽ ഈ പദ്ധതി സംസ്ഥാന തലത്തിൽ നടപ്പിലാക്കിയിട്ടില്ല. |
| (ഡി) | സ്കൂളുകളിൽ കുട്ടികൾക്ക് വേണ്ടി നടത്തുന്ന ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ സ്കൂളുകളിൽ നടപ്പിലാക്കുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥി കൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും സ്കൂളുകളിൽ നടത്തേണ്ടലഹരി വിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിക്കുകയും<br><br>എല്ലാ സ്കൂളുകളിലും സർക്കുലർ നൽകുകയും ചെയ്തിട്ടുണ്ട്. ലഹരി മുക്തകേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുംവിദ്യാർത്ഥികൾക്കിടയിലെലഹരി ഉപയോഗം തടയുന്നതിനും, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തീവ്രയയജ്ഞ പരിപാടി സംസ്ഥാനത്തെ സ്കൂളുകളിൽആവിഷ്ക്കരിച്ച്നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഒന്നാംഘട്ട പരിപാടികൾ 2022ഒക്ടോബർ 6 ന് ആരംഭിക്കുകയും നവംബർ 1 ന് അവസാനിക്കുകയും ചെയ്തു.<br><br>എല്ലാ സ്കൂളുകളിലെയും 100 വാര ചുറ്റളവിൽ ലഹരി ഉത്പന്നങ്ങൾ വിൽക്കുന്നില്ല എന്നും, കൈമാറ്റം ചെയ്യുന്നില്ല എന്നും ജന ജാഗ്രതാ സമിതി ഉറപ്പാക്കുകയും ലഹരി മുക്ത പ്രദേശമാക്കി yellow line ക്യാമ്പയിൻ ശക്തിപ്പെടുത്താൻ എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. സ്കൂൾ പരിസരത്തുള്ള ലഹരി വസ്തുക്കളെ സംബന്ധിച്ചുള്ള പരാതികളും, കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും രഹസ്യമായി എക്സൈസ് വകുപ്പിനെ അറിയിക്കാൻ എല്ലാ സ്കൂൾ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂളിനുള്ളിലും പരിസരത്തും ലഹരി വസ്തുക്കൾ കൈമാറ്റം ചെയ്യപ്പെടാൻ സാധ്യതയുള്ള ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി അവ ഒഴിവാക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | കൈക്കൊള്ളാൻ എല്ലാ സ്കൂൾ അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ